**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 157** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>കൂടൽമാണിക്യം ദേവസ്വത്തിന് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** പതിനായിരക്കണക്കിന് ഭക്തജനങ്ങൾ എത്തുന്ന കൂടൽമാണിക്യം ദേവസ്വത്തിന് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ കൂടുതൽ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഈ സർക്കാരിന്റെ ആദ്യ ബജറ്റ് അവതരണത്തെ തുടർന്നുള്ള മറുപടി പ്രസംഗത്തിൽ കൂടൽമാണിക്യം ക്ഷേത്രം ഉൾപ്പടെയുള്ള നാലമ്പല തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം ബഡ്ജറ്റ് വിഹിതം വകയിരുത്തുന്നതിനായുള്ള നടപടികൾ ധനകാര്യ വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

**(ബി)** കൂടൽമാണിക്യം ക്ഷേത്രത്തിന്റെ പ്രത്യേക പ്രാധാന്യം പരിഗണിച്ച് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെ അടിയന്തരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്തജനങ്ങളുടെ താമസ സൗകര്യാർത്ഥം കിടപ്പുമുറികൾ, ഡോർമിറ്ററി, ശൗചാലയം എന്നിവ ഉൾപ്പെടുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം, പാർക്കിങ് സൗകര്യങ്ങളുടെ വിപുലീകരണം തുടങ്ങിയ പദ്ധതികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കുന്നതാണെന്ന് കൂടൽമാണിക്യം ദേവസ്വം അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**